തൊഴിലാളികളുടെ മുൻകൈയിൽ
ശങ്കർ ഗുഹാ നിയോഗി
സ്ഥാപിച്ച ഷഹീദ് ഹോസ്പിറ്റലിൽ
പ്രവർത്തിച്ചിരുന്ന
**ഡോ. ബിനായക് സെൻ**
ആത്മസുഹൃത്തിനെ ഓർമ്മിക്കുന്നു

# ബദൽ സമൂഹം തീർത്ത തൊഴിലാളി യൂണിയൻ

**രാഷ്ട്രീയക്കാരും** ഉദ്യോഗസ്ഥരും വ്യവസായികളും ഉൾപ്പെട്ട ഒരു രാഷ്ട്രീയ കൊലപാതകമായിരുന്നു ശങ്കർഗുഹാ നിയോഗിയുടേത്. ചത്തീസ്ഗഢിലെ തൊഴിലാളികളുടെ ഇടയിൽ ഉയർന്നുവന്ന അവകാശബോധത്തേയും വിപ്ലവവീര്യത്തേയും ഫലപ്രദമായി നേരിടുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയാതെ പോയ ഭരണകൂടത്തിന്റെ അസ്വസ്ഥതയാണ് ആ കൊലപാതകത്തിലൂടെ പ്രതിഫലിച്ചത്. മിർസാപൂർ, ചന്ദ്രപൂർ, ഗഡ്ചിറോളി, ആദിലാബാദ്, കോരാപുട്ട് തുടങ്ങിയ ആദിവാസി മേഖലകളിൽ നടപ്പിലാക്കുന്ന ഭീമമായ തോതിലുള്ള വ്യവസായവത്കരണത്തിന്റെ പ്രതിഫലനമായിരുന്നു അദ്ദേഹത്തിന്റെ കൊലപാതകം പോലും. ശങ്കർഗുഹാ നിയോഗിയുടെ രക്തസാക്ഷിത്വം ഈ യുദ്ധ ഭൂമിയിലെ ആദ്യത്തേതോ അവസാനത്തേതോ ആകുന്നില്ല. എന്തായാലും നമുക്ക് വലിയ വിലകൊടുക്കേണ്ടി വരുന്ന ഒരു വിയോഗമാണ് അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ ജീവചരിത്രം അപ്രതീക്ഷിതമായ സത്യസന്ധതയോടെ പല പത്രങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി. അതിനാൽ ഞാൻ അതിവിടെ ആവർത്തിക്കുന്നില്ല. ചില അഭിപ്രായങ്ങൾ മാത്രം പങ്കുവയ്ക്കുന്നു.

സ്വന്തമായ ചില കഴിവുകൾകൊണ്ട് സങ്കീർണ്ണമായ ഒരു രാഷ്ട്രീയ സംവിധാനത്തെ മുന്നോട്ടുകൊണ്ടുപോയ സാധാരണക്കാരൻ മാത്രമായിരുന്നു നിയോഗി എന്ന പ്രബലമായ മിത്ത് തകർക്കപ്പെടേണ്ടതുണ്ട്. വിശാലമായ വായനയും വായനയിലൂടെ സ്വായത്തമാക്കിയ കാര്യങ്ങളെക്കുറിച്ച് അഗാധമായി ചിന്തിക്കുകയും ചെയ്തിരുന്ന ആളാണ് അദ്ദേഹം. എന്നാൽ പരമ്പരാഗതമായ എല്ലാ ധാരണകളേയും മറികടന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയ ചിന്തകൾ വേണ്ടത്ര പുറംലോകം അറിഞ്ഞിട്ടില്ല. മഹത്തായ ഒരു തൊഴിലാളി പ്രസ്ഥാനത്തിന് വർഷങ്ങളായി നേതൃത്വം നൽകിയിട്ടും വളരെ കുറച്ചുമാത്രമാണ് അദ്ദേഹം എഴുതിയത്. സമയക്കുറവായിരുന്നില്ല പ്രശ്നം. നിരക്ഷരരായിരുന്ന ജനങ്ങൾക്ക് രാഷ്ട്രീയ വിദ്യാഭ്യാസം



ഡോ. ബിനായക് സെൻ ശങ്കർ ഗുഹാ നിയോഗിയുടെ മകൾക്കൊപ്പം

നൽകുക എന്ന പരിപാടിക്കാണ് അദ്ദേഹം കൂടുതൽ ഊന്നൽ നൽകിയിരുന്നത്. സമരങ്ങളും പ്രസ്ഥാനങ്ങളും പകർന്നുതരുന്ന അനുഭവങ്ങളിലൂടെ സ്വായത്തമാക്കുന്ന രാഷ്ട്രീയ വിദ്യാഭ്യാസത്തെ, തത്വശാസ്ത്ര ദർശനങ്ങൾ പകർന്നുതരുന്ന രാഷ്ട്രീയവിദ്യാഭ്യാസത്തിനേക്കാൾ കരുത്തുറ്റതായാണ് അദ്ദേഹം പരിഗണിച്ചിരുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ദർശനങ്ങൾ അദ്ദേഹത്തിന്റെ പ്രവൃത്തികളിലാണ് നാം തിരയേണ്ടത്.

നിയോഗിയുടെ പ്രവർത്തനങ്ങൾ പ്രസക്തമാകുന്നത് രണ്ട് തരത്തിലാണ്. ഒന്ന്, ചത്തീസ്ഗഢിലെ ഏറ്റവും ദരിദ്രരും അടിച്ചമർത്തപ്പെട്ടവരുമായ തൊഴിലാളികൾക്കും കർഷകർക്കും അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഉയർത്തിക്കാണിക്കുന്നതിനുള്ള ഒരു വേദി സൃഷ്ടിക്കപ്പെട്ടു. രണ്ട്, ആ ദിശയിലുള്ള പ്രവർത്തനങ്ങളിലൂടെ ശരിയായ ഒരു ബദൽ സമൂഹം എങ്ങനെയാകണം എന്ന മാതൃക തൊഴിലാളികൾക്ക് മുന്നിൽ വരച്ചുകാട്ടാൻ നിയോഗിക്ക് കഴിഞ്ഞു. സാമൂഹിക ജീവിതത്തിന്റെ വിവിധ വശങ്ങളെ സ്വാംശീകരിച്ച ഒരു ആഗോളമാതൃകയായിരുന്നു അത്. ആ ലക്ഷ്യത്തിനായി അദ്ദേഹം രൂപീകരിച്ച പദ്ധതികൾ – ആശുപത്രി, സാങ്കേതികവിദ്യാ പഠനകേന്ദ്രം, മദ്യവിരുദ്ധ ക്യാമ്പയിൻ, സാംസ്കാരിക ക്യാമ്പയിൻ – ഉട്ടോപ്യൻ മാതൃകകളായി ഒടുങ്ങിയില്ല. ബദൽ സംസ്കാരം നിർമ്മിച്ചെടുക്കുന്നതിനുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളായിരുന്നു ഈ സംരംഭങ്ങളുടെയെല്ലാം ആകെ തുക. തൊഴിലാളികളുടെ ജീവിതത്തെ അവർക്കുതന്നെ നിയന്ത്രിക്കാനും നിശ്ചയിക്കാനും കഴിയുന്ന, അധ്വാനവർഗ്ഗത്തിന് രാഷ്ട്രീയവും സാമ്പത്തികവുമായ പങ്കാളിത്തമുള്ള ഒരു വിപ്ലവാനന്തര സമൂഹം സാധ്യമാക്കുക എന്നതായിരുന്നു ബദൽ സംസ്കാരത്തിനായുള്ള ആ വിദ്യാഭ്യാസ പ്രക്രിയ ലക്ഷ്യം വച്ചത്. എല്ലാ മഹത്തായ കലാകാരന്മാരെയും പോലെ, ലഭ്യമായ പരിമിത വിഭവങ്ങളിൽ അനന്തമായ സാധ്യത കണ്ടെത്താനുള്ള കഴിവ് നിയോഗിക്കുണ്ടായിരുന്നു.

ഐ.എൻ.ടി.യു.സിയുടെയും എ.ഐ.ടി.യു.സിയുടെയും യൂണിയനുകൾ തുടർന്നുവന്ന ബ്യൂറോക്രാറ്റിക് സമീപനങ്ങളോടും തൊഴിലാളി വിരുദ്ധ നിലപാടുകളോടും കലഹിച്ചുകൊണ്ട് ചത്തീസ്ഗഢിലെ ഖനി തൊഴിലാളികൾ ദില്ലിരാജ്ഹാരയിൽ രൂപീകരിച്ച ട്രേഡ് യൂണിയൻ നിയോഗി തുടങ്ങിവച്ച സാമൂഹിക പരീക്ഷണങ്ങളുടെ തുടർച്ചയായിരുന്നു. ഭിലായിയിലെ തൊഴിലാളി പ്രസ്ഥാനം തൊഴിലാളികൾക്കിടയിൽ സൃഷ്ടിച്ച സാംസ്കാരിക സ്വാധീനം തീർത്തും നമ്മുടെ ചിന്തകൾക്ക് അതീതമായിരുന്നു.

*(നിയോഗി കൊല്ലപ്പെട്ടതിനെ തുടർന്ന് 1992ൽ മെഡിക്കോ ഫ്രണ്ട്സ് സർക്കിളിന്റെ ബുള്ളറ്റിനിൽ എഴുതിയ ലേഖനം)*


**നെൽവയൽനീർത്തട സംരക്ഷണം :**

**സമരപ്രഖ്യാപനം**

**ബഹുജന കൺവെൻഷൻ**

**ഒക്ടോബർ 7ന് എടപ്പാൾ**
ഗവ. ഹൈസ്കൂളിൽ
രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ
**സംഘാടനം: നല്ല ഭക്ഷണ പ്രസ്ഥാനം**
ബന്ധങ്ങൾക്ക്: 9747737331, 9446671026



**ബന്ധുത്വയാത്ര**

ബന്ധുത്വം ആവശ്യമായ ധാരാളം ആളുകൾ നമുക്ക് ചുറ്റുമുണ്ട്. ഉറ്റവരും ഉടയവരുമില്ലാത്ത അവർക്ക് നമ്മുടെ ബന്ധുത്വം നൽകിയാൽ അവരുടെ ഭവനങ്ങൾ 'ബന്ധുത്വ സുന്ദര മന്ദിര'ങ്ങളായി മാറും. ഇത്തരത്തിലുള്ള വീടുകൾ അറിയാവുന്നവർ വിവിധ മാധ്യമങ്ങളിലൂടെ അത് ജനശ്രദ്ധയിൽ കൊണ്ടുവരിക. ബന്ധുത്വയാത്രയിൽ അണിചേരുക.
ബന്ധങ്ങൾക്ക്: ബസുമ,
നാചറൽ വില്ലേജ് ട്രസ്റ്റ്, 13/283,
കമ്മ്യൂൺ ആശ്രമം, പഴവടി ഗ്രാമം,
നെടുമങ്ങാട്.പി.ഒ,
തിരുവനന്തപുരം – 695541.
ഫോൺ: 9446160918. email:
naturalvillagetrust@gmail.com